## ഹദീസ്

സുബൈർ കുന്ദമംഗലം

# തഖ്‌വയും സൽസ്വഭാവവും

عَنْ مُعَاذِ بْنِ جَبَلٍ رَضِيَ اللَّهُ عَنْهُ، عَنِ النَّبِيِّ صلى الله عليه و سلم قَالَ: اتَّقِ اللَّهَ حَيْثُمَا كُنْتَ وَأَتْبِعِ السَّيِّئَةَ الْحَسَنَةَ تَمْحُهَا، وَخَالِقِ النَّاسَ بِخُلُقٍ حَسَنٍ (رواه الترمذي).

**മുആദുബ്നു ജബൽ (റ) നബി(സ)യിൽനിന്ന് നിവേദനം ചെയ്യുന്നു: അവിടുന്ന് പറഞ്ഞു: 'നീ എവിടെയായിരുന്നാലും അല്ലാഹുവെ സൂക്ഷിക്കുക. തിന്മ ചെയ്തുപോയെങ്കിൽ തുടർന്ന് നന്മ പ്രവർത്തിക്കുക. ആ നന്മ തിന്മയെ മായ്ച്ചുകളയും. ജനങ്ങളോട് സൽസ്വഭാവത്തോടെ പെരുമാറുകയും ചെയ്യുക' (തിർമിദി).**

പ്രമുഖ സ്വഹാബിവര്യനായ മുആദുബ്നു ജബലിന് നബി(സ) നൽകിയ സാരവത്തായ ഉപദേശമാണിത്. കുറഞ്ഞ വാക്കുകളിൽ വലിയൊരു ആശപ്രപഞ്ചം തീർക്കുകയാണിവിടെ. മാനസിക സംസ്കരണത്തിനും സ്വഭാവ വിശുദ്ധിക്കും നിദാനമായ മൂന്ന് ഉപദേശങ്ങൾ. അവ വ്യക്തിയെയും സമൂഹത്തെയും പ്രപഞ്ചനാഥനുമായി ബന്ധിപ്പിക്കുന്നു. അല്ലാഹുവും മനുഷ്യനും അഥവാ അടിമയും ഉടമയും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നതാണ് ആദ്യ ഉപദേശം. ദയാനിധിയായ അല്ലാഹു അടിമകൾക്ക് നൽകിയ അനുഗ്രഹങ്ങൾക്ക് കൈയും കണക്കുമില്ല. സ്നേഹത്തിന്റെ നിറകുടവും അത്യുദാരനുമായ സ്രഷ്ടാവിനോടുള്ള മനുഷ്യന്റെ കടപ്പാട് ചെറുതല്ല. അല്ലാഹു തന്റെ അടിമക്ക് നൽകിയ വിവരണാതീതമായ ഔദാര്യങ്ങൾക്ക് അവൻ കൃതജ്ഞതയോ ഭംഗിവാക്കോ പ്രതീക്ഷിക്കുന്നില്ല. പകരം, ജീവിതത്തിലുടനീളം അവനെ സൂക്ഷിക്കണമെന്നും അവനു മാത്രം ഇബാദത്ത് ചെയ്യണമെന്നുമാണ് അല്ലാഹു ആവശ്യപ്പെടുന്നത്. അതാകട്ടെ, അല്ലാഹുവിന്റെ ഗുണത്തിന് വേണ്ടിയല്ല, മറിച്ച് മനുഷ്യന്റെ തന്നെ നന്മക്ക് വേണ്ടിയാണ്. ''സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുവിൻ. നാളേക്കു വേണ്ടി എന്തൊരു മുന്നൊരുക്കമാണ് ചെയ്തുവെച്ചിട്ടുള്ളതെന്ന് ഓരോരുത്തരും നോക്കിക്കൊള്ളട്ടെ'' (*അൽഹശ്ർ* 18).

രഹസ്യമോ പരസ്യമോ ആയ തെറ്റുകളിൽ ഏർപ്പെടാതിരിക്കുക, അല്ലാഹുവിന്റെ ആജ്ഞകൾ എന്ത് നഷ്ടമുണ്ടെങ്കിലും ശിരസ്സാവഹിക്കുക, അവൻ നിരോധിച്ചവ എന്തു നേട്ടമുണ്ടെങ്കിലും തള്ളിക്കളയുക, പരസ്യമായി ചെയ്യാൻ ലജ്ജിക്കുന്ന കാര്യങ്ങൾ രഹസ്യമായും ചെയ്യാതിരിക്കുക തുടങ്ങിയവയാണ് തഖ്‌വയുടെ അടയാളങ്ങൾ.

രണ്ടാമത്തെ ഉപദേശം, മനുഷ്യർ തമ്മിലുള്ള പരസ്പര ബന്ധത്തെ സൂചിപ്പിക്കുന്നു. തിന്മകളിലേക്ക് ചാഞ്ഞുപോകുന്ന മനസ്സാണ് മനുഷ്യന്റേത്. മനുഷ്യർ തെറ്റ് ചെയ്യാൻ സാധ്യതയുള്ളവരാണെന്നും തെറ്റുകളുടെ പേരിൽ പശ്ചാത്തപിക്കുന്നവരാണ് ഉത്തമരെന്നും നബി(സ) ഉണർത്തിയിട്ടുണ്ട്. ദുർബലനായി സൃഷ്ടിക്കപ്പെട്ട മനുഷ്യനെ തെറ്റിൽനിന്ന് സംരക്ഷിച്ച് പാപവിമുക്തനാക്കി നിർത്താൻ ഇസ്‌ലാം അതീവ ശ്രദ്ധ പുലർത്തിയതായി കാണാം. ഭൗതിക ജീവിതത്തിന്റെ പ്രലോഭനങ്ങൾക്ക് വശംവദരായി വന്നുപോകുന്ന വീഴ്ചകളും പിഴവുകളും പരിഹരിക്കാനായി ഇസ്‌ലാം 'തൗബ' (പശ്ചാത്താപം) നിശ്ചയിച്ചു. തെറ്റുകൾ സംഭവിച്ചുപോയാൽ പ്രായശ്ചിത്തമെന്ന നിലയിൽ സൽപ്രവൃത്തികളുമായി മുന്നേറാനും പ്രവാചകൻ ഉദ്ബോധിപ്പിക്കുന്നു. അതുവഴി വന്നുപോയ അബദ്ധങ്ങളും വീഴ്ചകളും മായ്ച്ചുകളയാമെന്ന് തിരുനബി ഈ ഹദീസിൽ വിശദീകരിക്കുകയാണ്. ''നിശ്ചയം! സൽക്കർമങ്ങൾ ദുഷ്കർമങ്ങളെ മായ്ച്ചുകളയുന്നതാണ്'' (*ഹൂദ്* 114). കരുണാമയനായ അല്ലാഹു തിന്മക്ക് തത്തുല്യമായ ശിക്ഷ നിശ്ചയിച്ചപ്പോൾ നന്മ പ്രവർത്തിക്കുന്നവന് അനേകം മടങ്ങ് പ്രതിഫലം വാഗ്ദാനം ചെയ്തു. ''വല്ലവനും ഒരു നന്മ കൊണ്ടുവന്നാൽ അവന് അതിന്റെ പതിന്മടങ്ങ് ലഭിക്കുന്നതാണ്. വല്ലവനും ഒരു തിന്മ കൊണ്ടുവന്നാൽ അതിന് തുല്യമായ ശിക്ഷ മാത്രമേ അവന് നൽകപ്പെടുകയുള്ളൂ'' (*അൽഅൻആം* 160).

തിന്മ വിലക്കുകയും നന്മക്ക് നിരന്തര പ്രേരണയും പ്രോത്സാഹനവും നൽകുകയും ചെയ്തുകൊണ്ട് ഇസ്‌ലാം കുറ്റവിമുക്തനായ വ്യക്തിയെയും പാപരഹിതമായ സമൂഹത്തെയും സൃഷ്ടിക്കാനാണ് ആഗ്രഹിക്കുന്നത്. സഹജമായ ദൗർബല്യങ്ങൾ കാരണം തിന്മയിലേക്ക് മുക്കുകുത്തി വീണുപോകുന്ന മനുഷ്യനെ സദാ കുറ്റവാളിയായി കാണാൻ ഇസ്‌ലാം ആഗ്രഹിക്കുന്നില്ല. പാപികളെ ശിക്ഷിക്കുന്നതിനു വേണ്ടി അഗ്നികുണ്ഡമൊരുക്കി കാത്തിരിക്കുന്ന അല്ലാഹുവല്ല, പാപമോചനവും ശുഭപ്രതീക്ഷയും നൽകുന്ന കരുണാവാരിധിയായ അല്ലാഹുവാണ് ഖുർആനിന്റെ വരികൾക്കിടയിൽ നിറഞ്ഞുനിൽക്കുന്നത്.

അടിമയും സമൂഹവും തമ്മിലുള്ള ബന്ധം എവ്വിധമായിരിക്കണമെന്ന് വിശദീകരിക്കുന്നതാണ് അടുത്ത ഉപദേശം. സമൂഹത്തിന്റെ ഭാഗമായ വിശ്വാസി സഹജീവികളോടും പൊതുജനത്തോടും ഉന്നതമായ സംസ്കാരത്തോടെയും സ്വഭാവ വൈശിഷ്ട്യത്തോടെയുമാണ് പെരുമാറേണ്ടത്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും 'നന്മയിൽ സഹകരിക്കുക' എന്ന തത്ത്വമാണ് സത്യവിശ്വാസി കൈക്കൊള്ളേണ്ടത്. ജനങ്ങളുടെ കണ്ണീരൊപ്പാനും പ്രയാസം ലഘൂകരിക്കാനും സത്യവിശ്വാസിയായ സാമൂഹിക പ്രവർത്തകനാണ് മുൻപന്തിയിലുണ്ടാവേണ്ടത്. ശത്രുതയും വിദ്വേഷവും പുലർത്തുന്നവരോടു പോലും സ്നേഹത്തിന്റെയും സഹവർത്തിത്വത്തിന്റെയും ഭാഷയിലൂടെ സംവദിക്കാൻ അയാൾക്ക് കഴിയണം. മഹത്തായ ഒരാദർശത്തിന്റെ വക്താവും വാഹകനും പ്രചാരകനുമാണ് താനെന്ന ബോധം അയാൾ വിസ്മരിക്കരുത്. തെറ്റിനെ തെറ്റു കൊണ്ടും തിന്മയെ തിന്മ കൊണ്ടും പ്രതിരോധിക്കുന്ന അൽപത്തം അയാളെ തൊട്ടുതീണ്ടുകയില്ല. തെറ്റിനെ ശരികൊണ്ടും തിന്മയെ നന്മകൊണ്ടും കീഴ്പ്പെടുത്തുകയെന്ന അത്യുന്നത സംസ്കാരം വിശ്വാസിയുടേതു മാത്രമാണ്. ''നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അതുകൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക'' (*ഫുസ്സിലത്* 34). ●